## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 607 | 29/05/2019 ൽ മറുപടിക്ക്

# കുട്ടമ്പുഴ പ്രദേശത്ത് നിന്നും ഈറ്റശേഖരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) മലയാറ്റൂർ ഡിവിഷന്റെ അംഗീകൃത വർക്കിങ്ങ് പ്ലാൻ പ്രകാരം 2019-20 വർഷത്തിൽ കുട്ടമ്പുഴ പ്രദേശത്ത് നിന്നും ഈറ്റ ശേഖരിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ഈറ്റശേഖരണത്തിന് അനുമതി ലഭ്യമാകുന്നതിനുവേണ്ട നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മലയാറ്റൂർ ഡിവിഷന്റെ അംഗീകൃത വർക്കിംഗ് പ്ലാൻ 2019-2020 വർഷത്തിൽ കുട്ടമ്പുഴ പ്രദേശത്ത് നിന്നും ഈറ്റ ശേഖരിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. പുതുമുകളങ്ങൾ ഉണ്ടായിവരുന്ന ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അംഗീകൃത വർക്കിംഗ് പ്ലാൻ പ്രകാരം ഈറ്റ വെട്ടാൻ പാടില്ലാത്തതാണ്. 2019-2020 വർഷത്തെ ഈറ്റ ശേഖരണം ആരംഭിക്കുന്നത് 01/09/2019 മുതലാണ്. ഇപ്രകാരം വർക്കിംഗ് പ്ലാൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്ന ഈറ്റ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളുടെ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ശേഖരണാനുമതി നൽകുന്നതാണ്. |
| (ബി) ഈറ്റശേഖരണം നടക്കാത്തതിനാൽ നൂറ് കണക്കിന് പരമ്പരാഗത തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുമുളകൾ ഉണ്ടായിവരുന്ന ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങൾ ഈറ്റ ശേഖരണത്തിന് 'ക്ലോഷർ പിരീഡ്' ആണ്. അംഗീകൃത വർക്കിംഗ് പ്ലാനുകൾ ഈ മൂന്ന മാസങ്ങളിലെ ഈറ്റ ശേഖരണം അനുവദിച്ചിട്ടില്ല. എന്നാൽ സെപ്റ്റംബർ 1 മുതൽ മെയ് 31 വരെയുള്ള 9 മാസങ്ങളിൽ ഈറ്റ ശേഖരണം നടത്താവുന്നതാണ്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് പരമ്പരാഗത തൊഴിലാളികൾക്ക് ഉപയോഗത്തിന് ആവശ്യമുള്ള ഈറ്റകൾ വ്യവസായ |

സ്ഥാപനങ്ങൾക്ക് നേരത്തേ തന്നെ ശേഖരിച്ച് സൂക്ഷിക്കാവുന്നതും പരമ്പരാഗത ഈറ്റത്തൊഴിലാളികൾക്ക് ഈറ്റ ലഭ്യമാക്കാവുന്നതുമാണ്. കൂടാതെ പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിലേയ്ക്കായി വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങൾക്കനുസൃതമായി വ്യവസായ സ്ഥാപനങ്ങളുടെ അപേക്ഷലഭിക്കുന്ന മുറയ്ക്ക് 01/09/2019 മുതൽ ഈറ്റ ശേഖരണത്തിന് അനുമതി നൽകാറുണ്ട്.

(സി) ഇത്തരത്തിൽ തൊഴിലാളികൾക്കുണ്ടായിട്ടുള്ള തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന്റെ ഭാഗമായി ഈറ്റവെട്ട് പുനരാരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

(സി) വ്യവസായ സ്ഥാപനങ്ങൾക്ക് ഈറ്റ ശേഖരണത്തിന് 01/09/2019 മുതൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈറ്റ ശേഖരണത്തിനുള്ള അനുവാദം നൽകിവരുന്നു.

സെക്ഷൻ ഓഫീസർ